# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

34

www.industry.kerala.gov.in

01 FEBRUARY 2023


## വ്യവസായ കേരളത്തിന്റെ പുതുചരിത്രം;

# ആവേശമായി സംരംഭക മഹാസംഗമം





കേന്ദ്രസർക്കാർ രാജ്യത്തെ തന്നെ ബെസ്റ്റ് പ്രാക്റ്റീസായിട്ടാണ് സംരംഭക വർഷത്തെ വിശേഷിപ്പിച്ചത്. സംരംഭക വർഷം പദ്ധതിയുടെ മഹാവിജയം കേരളത്തിലെ സംരംഭക സൗഹാർദ്ദ അന്തരീക്ഷത്തെയാണ് കാണിക്കുന്നത്.

ബഹു. മുഖ്യമന്ത്രി
**ശ്രീ. പിണറായി വിജയൻ**



**സംരംഭക വർഷം പദ്ധതിയിലൂടെ ഗ്രാമാന്തരങ്ങളിലും നഗര മേഖലകളിലും സംരംഭകരായി ഉയർന്ന സാധാരണ മനുഷ്യരുടെ അസാധാരണ കൂട്ടായ്മയാണ് ഈ സംഗമം. ഈ കുതിപ്പ് തുടരുക തന്നെ ചെയ്യും. വ്യവസായമേഖലയിലും സംരംഭക സൗഹൃദ കേരളം രാജ്യത്തിന്റെ മാതൃകയായി മാറും.**

ബഹു. നിയമ വ്യവസായ
കയർ വകുപ്പ് മന്ത്രി
**ശ്രീ. പി. രാജീവ്**



സ്വന്തം സമ്പാദ്യമെടുത്ത് മൂലധന നിക്ഷേപമുണ്ടാക്കാൻ മുന്നോട്ടു വന്ന സംരംഭകരെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല.

ബഹു. റവന്യൂ വകുപ്പ് മന്ത്രി
**ശ്രീ. കെ. രാജൻ**



കേരള ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ലാത്ത വ്യാവസായ മുന്നേറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച ദിനങ്ങൾക്കൊക്കെയും മാറ്റു കൂട്ടി സംരംഭ  മഹാസംഗമം. വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലകളിൽ സംരംഭങ്ങൾ പടുത്തുയർത്തിയ പതിനായിരത്തോളം  പേരാണ് കലൂർ ജവഹർലാൽ നെഹ്റു രാജ്യാന്തര സ്റ്റേഡിയം ഗ്രൗണ്ടിൽ ചേർന്ന മഹാസംഗമത്തിൽ പങ്കെടുത്തത്. കേരളത്തിൽ ഇന്നേവരെ ഉണ്ടായിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ സംരംഭക കൂട്ടായ്മയുടെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിച്ചു.

കേരളത്തിൽ വ്യവസായം വളരില്ലെന്ന് ആക്ഷേപിച്ചവർക്കുള്ള മറുപടിയാണ് സംരംഭക മഹാസംഗമമെന്ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞു. പത്ത് മാസങ്ങൾക്കുള്ളിൽ ആരംഭിച്ച 1,24,249 സംരംഭങ്ങൾ സംസ്ഥാനത്തിന്റെ പ്രശോഭമായ വ്യവസായ ഭാവിയെയാണ് കാണിക്കുന്നതെന്നും സംരംഭക മഹാസംഗമം ഉദ്ഘാടനം ചെയ്ത് അദ്ദേഹം പറഞ്ഞു.

വ്യവസായ സൗഹൃദ പട്ടികയിൽ കേരളത്തെ ആദ്യ പത്തിലെത്തിക്കുക എന്ന ലക്ഷ്യത്തിന്റെ തുടക്കമാണ്. സംരംഭക മഹാസംഗമമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. ഒന്നേകാൽ ലക്ഷത്തിലധികം പുതിയ സംരഭങ്ങളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കേരളത്തിൽ ആരംഭിച്ചത്. സംരംഭക വർഷം പദ്ധതി തുടങ്ങിയ അന്നു മുതൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ സുവ്യക്തമായ മേൽനോട്ടത്തിന്റെയും വ്യവസായ വകുപ്പിന്റെ പഴുതടച്ചുള്ള ശ്രമങ്ങളുടെയും പരിണാമമാണിത്, ബഹു. മന്ത്രി പറഞ്ഞു. ഉത്പന്നങ്ങളിലെ കേരള ബ്രാൻഡും സ്വന്തമായ ഇകൊമേഴ്സ് സംവിധാനവും ഉടൻ നടപ്പിൽ വരുത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സാധാരണക്കാരന്റെ വികസനത്തെ മാനവികതയിലൂന്നി മുന്നോട്ടു കൊണ്ടുപോവുകയെന്നതാണ് സർക്കാരിന്റെ നയമെന്ന് ബഹു.റവന്യൂ വകുപ്പ് മന്ത്രി ശ്രീ. കെ രാജൻ പറഞ്ഞു. സ്കെയിലപ്പ് സർവേ പദ്ധതികളുടെ ഉദ്ഘാടനവും സംരംഭകർക്കുള്ള കൈപ്പുസ്തകത്തിന്റെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു.  എംഎൽഎമാരായ ശ്രീ. പി. വി. ശ്രീനിജൻ, ശ്രീ. ആന്റണി ജോൺ, ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, ചീഫ് സെക്രട്ടറി ശ്രീ. വി. പി. ജോയ് ഐ.എ.എസ് ,  സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ സ്ഥിരം പ്രതിനിധി ശ്രീ. കെ. വി. തോമസ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരായ ശ്രീ. സുമൻ ബില്ല ഐ.എ.എസ്, ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്, വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർമാരായ ശ്രീ. സുധീർ കെ., ശ്രീ. പി. എസ് സുരേഷ്കുമാർ, റിയാബ് ചെയർമാൻ ഡോ. ആർ. അശോക്, കിൻഫ്ര എം.ഡി ശ്രീ. സന്തോഷ് കോശി തോമസ്, കെബിപ് സിഇഒ ശ്രീ. സൂരജ് എസ്., കെഎസ്എസ്ഐഎ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ, ഫിക്കി കേരള കൗൺസിൽ മേധാവി ശ്രീ. സാവിയോ മാത്യു തുടങ്ങിയവർ സംബന്ധിച്ചു.

നവസംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പിന്റെ തീം പവലിയൻ സംരംഭക സംഗമത്തോടനുബന്ധമായി ഒരുക്കിയിരുന്നു. സംരംഭകർക്ക് മികച്ച പിന്തുണ ഉറപ്പാക്കുന്നതിനുംസഹായ സേവനങ്ങൾ ഒരുക്കുന്നതിനായി 75 ഓളം സർക്കാർ  സർക്കാരിതര സ്റ്റാളുകളും സജ്ജമാക്കി. സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ട നടപടി ക്രമങ്ങൾക്കായി ഉദ്യം രജിസ്ട്രേഷൻ, സർക്കാർ ഇ മാർക്കറ്റ് പോർട്ടലുകളായ ജെംരജിസ്ട്രേഷൻ കേരള ഇ മാർക്കറ്റ് പോർട്ടൽ, വ്യവസായ വകുപ്പിന്റെ സംരംഭക പിന്തുണലഭ്യമാക്കുന്ന കെസ്വിഫ്റ്റ്, ഭക്ഷ്യ സംസകരണ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്ന പിഎം എഫ്എംഇ എന്നിവയുടെ സ്റ്റാളുകളും ആകർഷണമായി.



## എയർ കാർഗോ നടത്തിപ്പ്; കെ.എസ്.ഐ.ഇ റ്റിയാൽ ധാരണാപത്രം ഒപ്പു വെച്ചു

സംസ്ഥാന സർക്കാരിന്റെ വ്യവസായ വകുപ്പിന് കീഴിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസും (കെ എസ് ഐ ഇ) തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടും (റ്റിയാൽ) തമ്മിൽ എയർ കാർഗോ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ ധാരണാപത്രം ഒപ്പു വെച്ചു.

2023 ജനുവരി 25ന് ബഹു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.എ.പി.എം മുഹമ്മദ് ഹനീഷ് ഐ എ എസ് ന്റെ സാന്നിധ്യത്തിൽ കെ എസ് ഐ ഇ യെ പ്രതിനിധീകരിച്ചു മാനേജിങ് ഡയറക്ടർ ശ്രീ. ജി. രാജീവ്, തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടിന് വേണ്ടി ചീഫ് എയർപോർട്ട് ഓഫീസർ ശ്രീ ദർശൻ സിംഗ് എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പു വെച്ചത്.

ഇതുപ്രകാരം കെ.എസ്.ഐ.ഇക്ക് തങ്ങളുടെ കാർഗോ ടെർമിനൽ 2025 മാർച്ച് 31 വരെ ചാക്കയിൽ തന്നെ തുടരാവുന്നതും അതിനു ശേഷം എയർപോർട്ട് അനുവദിക്കുന്ന പുതിയ സ്ഥലത്തേക്ക് മാറാവുന്നതാണ്.

## കെഎസ്ഐഡിസിയുടെ നവീകരിച്ച വെബ്സൈറ്റ് ബഹു. മന്ത്രി ശ്രീ.പി. രാജീവ് പ്രകാശനം ചെയ്തു

സംരംഭകർക്കും വ്യവസായികൾക്കും ഏറ്റവും മികച്ച സേവനം ലഭ്യമാക്കുതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷന്റെ നവീകരിച്ച വെബ്സൈറ്റ് (www.ksidc.org) ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പ്രകാശനം ചെയ്തു. തിരുവനന്തപുരം ഹോട്ടൽ ഹയാത്തിൽ നടന്ന ചടങ്ങിൽ കെഎസ്ഐഡിസിയുടെ ഇന്റേണൽ ട്രാക്കിങ് പോർട്ടൽ, കെഎസ്ഐഡിസിയുടെ കോർപ്പറേറ്റ് / പ്രൊജക്ട് ഫിനാൻസിങ് ബ്രോഷർ, ഇൻവെസ്റ്റ് കേരളയുടെ പുതിയ ലോഗോ എന്നിവയുടെ പ്രകാശനവും മന്ത്രി നിർവഹിച്ചു.

ചടങ്ങിൽ ഇൻഡസ്ട്രീസ് ആൻഡ് നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ്, കെഎസ്ഐഡിസി എം.ഡി ആൻഡ് ഡയറക്ടർ (ഇൻഡസ്ട്രീസ് & കൊമേഴ്സ്) ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ് എന്നിവർ സംസാരിച്ചു.







## ഓസ്ട്രേലിയയുമായി വ്യാപാര-വ്യവസായിക സഹകരണ സാധ്യതകൾ ഉറപ്പാക്കി കേരളം




റബ്ബർ, ആയുർവേദം, ഉത്പാദന മേഖലകളിൽ ഓസ്ട്രേലിയയുമായി സഹകരണം ഉറപ്പ് വരുത്തി കേരളം. ഓസ്ട്രേലിയ– ഇന്ത്യ സാമ്പത്തിക സഹകരണ വ്യാപാര കരാറിന്റെ സാധ്യതകൾ കേരളത്തിൽ നടപ്പാക്കാൻ ഓസ്ട്രേലിയ ഇന്ത്യ ബിസിനസ് കൗൺസിലുമായി നടന്ന ചർച്ചയിലാണ് കേരളത്തിന്റെ വ്യാവസായിക വളർച്ചയിൽ കുതിപ്പുണ്ടാക്കുന്ന തീരുമാനങ്ങളുണ്ടായത്. ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവും ഓസ്ട്രേലിയൻ എൻ എസ് ഡബ്ളിയു മുൻ കാബിനറ്റ് മന്ത്രിയും പ്രതിപക്ഷ നേതാവുമായ ജോഡി മക്കേയും യോഗത്തിൽ പങ്കെടുത്തിരുന്നു. കേരളത്തിലെ 30 പ്രധാന വ്യവസായ മേഖലകളിൽ നിന്നുള്ള പ്രതിനിധികളും യോഗത്തിൽ സന്നിഹിതരായിരുന്നു.

റബർ വ്യവസായം,ആരോഗ്യ സംരക്ഷണം, വെൽനെസ്, ഉത്പാദന മേഖല, ഭക്ഷ്യ സംസ്ക്കരണം, ആയുർവേദം എന്നി മേഖലകളിൽ ഓസ്ട്രേലിയൻ സർക്കാർ കേരളവുമായി സഹകരിക്കാൻ ധാരണയായി. കേരളവും ഓസ്ട്രേലിയയും തമ്മിൽ കൂടുതൽ വ്യാപാര വ്യവസായിക സഹകരണസാധ്യതകൾ ചർച്ച ചെയ്യാൻ കേരളത്തിൽ നിന്നുള്ള പ്രതിനിധികളെ ഓസ്ട്രേലിയയിലേക്ക് ജോഡി മക്കേ ക്ഷണിച്ചിട്ടുണ്ട്.

## ക്യൂബൻ അംബാസഡർ വ്യവസായികളുമായി കൂടിക്കാഴ്ച്ച നടത്തി

ക്യൂബൻ അംബാസഡർ H.E. അലജാൻഡ്രോ സിമാൻകാസ് കേരളത്തിലെ വ്യവസായികളും ഗവേഷണ സ്ഥാപനങ്ങളുടേ പ്രതിനിധികളുമായി ചർച്ച നടത്തി. ബഹു. കേരള നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ആരോഗ്യ രംഗത്ത് ലോകത്തിന് തന്നെ മാതൃകയായ ക്യൂബയുടെ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മാണം നടത്താൻ കേരളത്തിന് കഴിയുമെന്ന് ചർച്ചയിൽ വ്യക്തമായി. ഇതിന്റെ തുടർ പഠനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി ഒരു കോർ ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ മേഖലകളിൽ ക്യൂബയും കേരളവും സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള സാധ്യതകളും കൂടിക്കാഴ്ചയിൽ ചർച്ചാ വിഷമയമായിരുന്നു.

ക്യൂബൻ വിമോചന നേതാവ് ചെഗുവേരയുടെ




മകളായ ഡോ. അലിഡ ചെഗുവേരയും ക്യൂബൻ അബാസഡർക്കൊപ്പം ചർച്ചയിൽ പങ്കെടുത്തിരുന്നു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ്, കിൻഫ്ര എം.ഡി ശ്രീ. സന്തോഷ് കോശി തോമസ് എന്നിവരും യോഗത്തിൽ സന്നിഹിതരായിരുന്നു.

ഇന്ത്യയുടെ ജി 20 അധ്യക്ഷസ്ഥാനവുമായി ബന്ധപ്പെട്ട് ആരോഗ്യ മേഖലയിലെ ആദ്യ വർക്കിങ് ഗ്രൂപ് മീറ്റിങ് തിരുവനന്തപുരം കോവളം ലീല ഹോട്ടലിൽ 2023 ജനുവരി 18,19, 20 തീയതികളിൽ സംഘടിപ്പിച്ചു. മീറ്റിങ്ങിന്റെ ഭാഗമായി സംഘടിപ്പിച്ച എക്സിബിഷനിൽ കെബിപ് ഒരുക്കിയ വ്യവസായ വാണിജ്യ വകുപ്പിന്റെ പവലിയൻ ശ്രദ്ധേയമായിരുന്നു.




Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.